മൂന്ന്

## കടമകൾ

ജീവിതത്തിൽ എപ്പോഴെങ്കിലും മാതാവിനെ ചീത്ത പറഞ്ഞവർ നമ്മുടെ കൂട്ടത്തിലുണ്ടോ? പിതാവിനെ ധിക്കരിച്ചവർ?

ഒരിക്കൽ മുഹമ്മദ് നബിയോട് ഒരാൾ ചോദിച്ചു, എനിക്ക് ആരോടാണ് കൂടുതൽ ബാധ്യതയെന്ന്. അദ്ദേഹം അയാളോട് പറഞ്ഞു: നിൻെറ മാതാവിനോട്.

നമ്മുടെ മാതാപിതാക്കളോടാണ് നമുക്ക് ഏറെ കടമകളുള്ളത്. അതിൽ തന്നെ മാതാവിനോടാണ് ഏറെ. അവർ നമുക്കു വേണ്ടി അനുഭവിച്ച ബുദ്ധിമുട്ടുകൾ ആർക്കും കണക്കാക്കാൻ കഴിയില്ല. നാം അവർക്ക് എന്ത് നല്കിയാലും അതിന് പകരവുമാകില്ല. അതിനാലാണ് മാതാപിതാക്കളോട് നന്മ ചെയ്യണമെന്ന് ദൈവം കല്പിച്ചത്.

മാതാപിതാക്കളുടെ നിർദ്ദേശം അക്ഷരംപ്രതി പാലിക്കുകയും അവരെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യണം. അവർക്ക് കഴിയുന്ന രീതിയിൽ സേവനങ്ങൾ ചെയ്യണം. അവർക്കു വേണ്ടി പ്രാർഥിക്കണം. അവർക്ക് വാർധക്യമായാൽ അവരെ എല്ലാവിധത്തിലും പരിചരിക്കണം. ഇതൊക്കെയാണ് മക്കളായ നമുക്ക് ചെയ്യാനുള്ളത്. ഇത് ദൈവാനുസരണം കൂടിയാണ്. കാരണം, അങ്ങനെ ചെയ്യണമെന്ന് അവൻ കല്പിച്ചിട്ടുണ്ട്. അത് ലംഘിച്ചാൽ നാം കുറ്റക്കാരാകും.

മാതാപിതാക്ക് ചെയ്തുകൊടുക്കേണ്ട ബാധ്യതകൾ ചെത്തുകൊടുക്കാതെയും അവരെ ശ്രദ്ധിക്കാതെയും നാം എത്ര തന്നെ പുണ്യം ചെയ്താലും അത് ദൈവം സ്വീകരിക്കുകയില്ല. നമ്മെ സംബന്ധിച്ച് മാതാപിതാക്കൾ സന്തുഷ്ടരായാൽ മാത്രമേ ദൈവവും നമ്മെപ്പറ്റി സന്തുഷ്ടനാവുകയുള്ളൂ.

വലുതായാൽ പിന്നെ അവർ വൃദ്ധരായ മാതാപിതാക്കളെ ശ്രദ്ധിക്കാത്ത ചിലരുണ്ട്. അത് ഒരിക്കലും ചെയ്യാൻ പാടില്ലാത്ത കുറ്റമാകുന്നു. അത്തരക്കാർക്ക് ഒരിക്കലും ദൈവത്തിൻെറ കാരുണ്യം ലഭിക്കുകയില്ല. നാം ഒരിക്കലും അതുപോലെയാകാൻ പാടില്ല.